DESPATCHED
On 10/06/2020

18/03/2020

## സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 236(7)/2014**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **1288**/എസ്.ഐ.സി-ജി 6/14)
സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.മാത്യു ഒ.കെ.,
ഓലപ്പുര ഹൗസ്,
വെള്ളൂണി പി.ഒ.,
കണ്ണൂർ – 670 674.

} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ഡയറക്ടർ ഓഫ് സ്റ്റുഡൻസ് സർവ്വീസസ്,
കണ്ണൂർ സർവ്വകലാശാല.

2. അപ്പീൽ അധികാരി&
സെക്ഷൻ ഓഫീസർ,
കണ്ണൂർ യൂണിവേഴ്സിറ്റി ഭരണ വിഭാഗം.
കണ്ണൂർ – 670 002.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 05.09.2013 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 26.11.2013 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 22.01.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 07.03.2014 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 22.01.2014 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 25.01.2014 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 12.11.2019 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കണ്ണൂർ. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. മാത്യു ഒ.കെ., 22.01.2014ന്

സമർപ്പിച്ച അപ്പീൽ ഹർജി 25.01.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.236(7)/14/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയില്ലെന്നും നൽകിയ മറുപടിയിൽ ടിയാൻ ആവശ്യപ്പെട്ട മുഴുവൻ വിവരങ്ങളും ലഭ്യമാക്കിയില്ലെന്നും ബാക്കിയുള്ളവ ലഭ്യമാകുന്ന മുറയ്ക്ക് നൽകാമെന്ന് അറിയിച്ചെങ്കിലും 56 ദിവസം പിന്നിട്ടിട്ടും ടി വിഷയത്തിൽ യാതൊരുവിധ നടപടിയും സ്വീകരിച്ചതായി കാണുന്നില്ലെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനും ടിയാന്റെ അപേക്ഷ കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നിയമാനുസൃത നടപടികൾ കൈക്കൊള്ളണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 05.09.2013ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ടി യൂണിവേഴ്സിറ്റിയിൽ രജിസ്ട്രാറുടെ എത്ര പോസ്റ്റുകൾ നിലവിലുണ്ടെന്നും ആയതിൽ എത്ര സ്ഥിരം ഒഴിവുകൾ നികത്തിയിട്ടുണ്ടെന്നും നിലവിലുള്ള സംവരണം പാലിച്ചാണോ നിയമനം നടത്തിയിട്ടുള്ളതെന്നും തുടങ്ങി 26 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 26.11.2013ന് ഭാഗീകമായി മറുപടി നൽകുകയും ബാക്കിയുള്ളവ ലഭ്യമാകുന്ന മുറയ്ക്ക് നൽകാമെന്ന് അറിയിക്കുകയുമാണ് ചെയ്തത്. ടി വിവരങ്ങൾ 56 ദിവസങ്ങൾ കഴിഞ്ഞിട്ടും ലഭ്യമായില്ലെന്ന ആരോപണം ഉന്നയിച്ച് ടിയാൻ 22.01.2014ന് സമർപ്പിച്ച ഒന്നാം അപ്പിലിന് 07.03.2014ന് നൽകിയ മറുപടിയിൽ ഹർജിക്കാരന് അംഗീകൃത തിരിച്ചറിയൽ രേഖയുമായി ടി ഓഫീസിൽ നേരിട്ട് ഹാജരായി ആവശ്യമായ വിവരങ്ങൾ പരിശോധിക്കാമെന്നാണ് അറിയിച്ചത്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 08.11.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ സമയബന്ധിതമായി ലഭ്യമാക്കിയിട്ടില്ലെന്ന് കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിൽ നിരവധി വിവരങ്ങളാണ് ആവശ്യപ്പെട്ടതെന്നും ആയത് ടി ഓഫീസിന്റെ ദൈനംദിന പ്രവർത്തനത്തെ ബാധിക്കുമെന്നതിനാലാണ് ഓഫീസിൽ ഹാജരായി രേഖകൾ പരിശോധിക്കാൻ ആവശ്യപ്പെട്ടതെന്നും സർവ്വകലാശാലയിലെ രജിസ്ട്രാർ നിയമനവുമായി

ബന്ധപ്പെട്ട വിവരങ്ങളാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നതെന്നുമാണ്. എന്നാൽ ഹർജിക്കാരന്റെ 05.09.2013ലെ അപേക്ഷയ്ക്ക് 26.11.2013നാണ് മറുപടി നൽകിയതെന്നും വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾക്ക് 30 ദിവസ ത്തിനകം മറുപടി നൽകണമെന്നിരിക്കെ ആയത് പാലിക്കാത്ത പരാമർശിത കാല യളവിലെ ഒന്നാം എതിർകക്ഷി ഗുരുതരമായ കൃത്യവിലോപം നടത്തിയതായി കമ്മീഷൻ വിലയിരുത്തുന്നു. ആകയാൽ ടി വീഴ്ച വരുത്തിയ പരാമർശിത കാല യളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരു മാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെ ങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തി നകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയ ത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരി ക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണ ത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 18–ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഭരണകാര്യം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM